**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 283** **08-08-2023 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി ഹെൽപ്പർ ജീവനക്കാരുടെ ഹോണറേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അംഗൻവാടി ഹെൽപ്പർ ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന ഹോണറേറിയം എത്ര രൂപയാണ്; പ്രസ്തുത ഹോണറേറിയം ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണ്; എന്ത് തുകയാണ് വർദ്ധിപ്പിച്ചത്; വർദ്ധിപ്പിച്ച തുക നൽകി തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | (എ) സംസ്ഥാനത്തെ അങ്കണവാടി ഹെൽപ്പർമാർക്ക് പ്രതിമാസം ഓണറേറിയം ആയി 8,000/- രൂപയാണ് നിലവിൽ നൽകി വരുന്നത്. 01/04/2019 മുതൽ മുൻകാല പ്രാബല്യത്തോടെ 27/12/2019 ലെ സ.ഉ(സാധാ) നം. 803/2019/സാനീവ പ്രകാരമാണ് ആയത് ഒടുവിൽ വർദ്ധിപ്പിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം ഹെൽപ്പർമാരുടെ വേതനം 4,050/- രൂപയിൽ നിന്നും 4,300/- രൂപയായി സംസ്ഥാന വിഹിതം ഇനത്തിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തുക നിലവിൽ നൽകി വരുന്നുണ്ട്. കേന്ദ്ര-സംസ്ഥാന-തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി ഓണറേറിയം അനുവദിക്കുന്നതിന്റെ വിശദവിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | എറണാകുളം ജില്ലയിലെ പാമ്പാക്കുട സംയോജിത ശിശുവികസന സേവന പദ്ധതിയുടെ കീഴിൽ പ്രവൃത്തിക്കുന്ന 17 അംഗൻവാടികളിലെ ഹെൽപ്പർമാർക്ക് വർദ്ധിപ്പിച്ച ഹോണറേറിയവും കുടിശ്ശികയും നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | (ബി) എറണാകുളം ജില്ലയിലെ പാമ്പാക്കുട ഐ.സി.ഡി.എസ്സ് പ്രൊജക്റ്റിലെ അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയവും കുടിശ്ശികയും നൽകുന്നതിൽ കാലതാമസം നേരിട്ടിട്ടില്ല. |
| (സി) | നിലവിൽ അംഗൻവാടി ജീവനക്കാരുടെ ജോലി സമയം എത്ര മണിവരെയാണ് ക്രമീകരിച്ചിരിക്കുന്നത്; പ്രസ്തുത സമയത്തിനുശേഷം ഭവന സന്ദർശനം നടത്താൻ നിലവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | (സി) നിലവിൽ അങ്കണവാടികളുടെ പ്രവർത്തന സമയം 9.30 AM മുതൽ 3.30 PMവരെയാണ്. എന്നാൽ അങ്കണവാടികൾ 9.30-ന് പ്രവർത്തന സജ്ജമാക്കുന്നതിന് അങ്കണവാടി ജീവനക്കാർ 9.30-ന് മുൻപായി അങ്കണവാടികളിൽ ഹാജരാകേണ്ടതുണ്ട്. അങ്കണവാടി പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി ഐ സി ഡി എസ് സൂപ്പർവൈസർ ഉച്ചയ്ക്കുശേഷം സന്ദർശിക്കുന്ന അങ്കണവാടിയിലെ ജീവനക്കാർ, സൂപ്പർവൈസർക്കൊപ്പം പ്രവൃത്തിസമയത്തിനുശേഷം 4.30 വരെ ഭവന സന്ദർശനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) | (ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന അങ്കണവാടി പ്രവർത്തകർ, ഓണറേറിയം കൈപ്പറ്റുന്ന സന്നദ്ധ സേവകരാണ്. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളുമാണ് ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്കാധാരമായിട്ടുള്ളത്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന അങ്കണവാടി ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് യഥാസമയം പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| വിഭാഗം | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം | | | കേന്ദ്ര വിഹിതത്തിന് പുറമെ സംസ്ഥാനം അനുവദിക്കുന്ന ഓണറേറിയം | | ആകെ (രൂപയിൽ) |
|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം 60% (രൂപയിൽ) | സംസ്ഥാന വിഹിതം 40% (രൂപയിൽ) | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം ആകെ (രൂപയിൽ) | സംസ്ഥാന വിഹിതം (രൂപയിൽ) | തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം (രൂപയിൽ) | |
| | (1) | (2) | (3) [1+2] | (4) | (5) | (6) [3+4+5] |
| അങ്കണവാടി ഹെൽപ്പർ | 1,350 | 900 | 2,250 | 4,300 | 1,450 | 8,000 |